ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക്‌ലിസ്റ്റ്

111 (3065) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ പി.എസ്.സി. വിജ്ഞാപന പ്രകാരം 2003 ഫെബ്രുവരിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഈ ലിസ്റ്റിൽനിന്നും നിയമനത്തിനായി പി.എസ്.സി. എത്ര പേർക്ക് അഡ്വൈസ് അയച്ചു ;

(സി) സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിലായി എത്ര സെക്രട്ടറിമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 106 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 123 പേർക്ക്.

(സി) 123 ഒഴിവുകൾ.

(ഡി) പി.എസ്.സി. അഡ്വൈസ് ചെയ്ത 123 പേരിൽ 106 പേർക്ക് നിയമനം നൽകി. ബാക്കിയുള്ള 17 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി

112 (3066) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏത് ഹെഡ്ഡിൽ നിന്നാണ് ;

(ബി) എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയുള്ളത് ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് പൂർണ്ണമായും ശമ്പളം ലഭ്യമാക്കാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly